# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗതീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.284/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 25.01.2016**

പരാമർശം : 1. 20.01.2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.2, 2.3, 2.4 നമ്പർ തീരുമാനങ്ങൾ

## ഉത്തരവ്

സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശം (1)-ലെ തീരുമാനം അംഗീകരിച്ച് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ ഭേദഗതിക്ക് 2016 ഫെബ്രുവരി 15 വരെ സമയം ദീർഘിപ്പിക്കുന്നു.
2. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് വകയിരുത്തി രൂപീകരിച്ചിരുന്ന പ്രോജക്ടുകൾ പലതും തനതുഫണ്ടിനു പകരം പ്ലാൻ ഫണ്ട് വകയിരുത്തി ഭേദഗതിക്കായി സമർപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ രൂപീകരിച്ച സ്ഥിതിക്ക്, തനത് ഫണ്ട് ലഭ്യമല്ലാതെ വന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നുവെങ്കിൽ മാത്രം പ്ലാൻ ഫണ്ട് വകയിരുത്തി ഭേദഗതി അനുവദിക്കാവുന്നതാണ്.
3. സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളായി മാറുകയും മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കായി രൂപീകരിക്കുകയും നിർവ്വഹണം തുടങ്ങിയതുമായ പ്രോജക്ടുകൾ, പ്രസ്തുത മുനിസിപ്പാലിറ്റികളിൽ താൽക്കാലികമായി തുടരാൻ അനുവദിച്ചിരിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹണം നടത്തേണ്ടതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ